**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5510** **24-03-2025 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ഉപയോഗം, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. യു. എ. ലത്തീഫ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>മയക്കുമരുന്ന് ഉപയോഗം, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ മൂലമുണ്ടായ കുറ്റകൃത്യങ്ങൾക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ വർഷം തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു;<br><table><tr><td>2021</td><td>16</td></tr><tr><td>2022</td><td>28</td></tr><tr><td>2023</td><td>37</td></tr><tr><td>2024</td><td>88</td></tr><tr><td>2025<br>(16.03.2025)</td><td>23</td></tr></table><br>മയക്കുമരുന്ന് ഉപഭോഗം, വിപണനം, കടത്ത്, പൊതുസ്ഥലത്ത് മദ്യപാനം പോലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് അബ്കാരി/ എൻ.ഡി.പി.എസ് നിയമപ്രകാരം എക്സൈസ് വകുപ്പ് മതിയായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>മേൽപ്പറഞ്ഞ കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;</td><td>(ബി)</td><td>മയക്കുമരുന്ന് ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനായി സംസ്ഥാനത്ത് Anti Narcotic Task Force (ANTF) ഉം ജില്ലാ തലത്തിൽ District Anti – Narcotic Special Action Force (DANSAF) ഉം പ്രവർത്തിച്ചു വരുന്നു. പൊതു ജനങ്ങളിലും വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കു മരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി 'യോദ്ധാവ്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബന്ധങ്ങൾ</td></tr>
</table>

| | | | |
|---|---|---|---|
| | | | ഉള്ള മയക്കുമരുന്ന് കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തി വരുന്നു. |
| (സി) | മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പോലീസുദ്യോഗസ്ഥർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ആവശ്യകത പരിശോധിച്ച് പോലീസ് ആസ്ഥാനത്തു നിന്നും വാങ്ങി നൽകി വരുന്നു.<br><br>മയക്കുമരുന്നിന് എതിരെയുള്ള റെയ്ഡുകൾക്ക് പോലീസ് പുറപ്പെടുമ്പോൾ മതിയായ എണ്ണം സേനാംഗങ്ങളെ സംഘത്തിലുൾപ്പെടുത്തിയും കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയുമാണ് ഇത്തരം ഓപ്പറേഷൻസ് നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ